**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3055** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശവും നിർവ്വഹണ പുരോഗതിയും വ്യക്തമാക്കുമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശവും നിർവ്വഹണ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർവ്വഹിക്കുന്ന വീയപുരം ജി.ജി.എച്ച്.എസ്.എസ്, കാർത്തികപ്പള്ളി ജി.യു.പി.എസ്. എന്നിവിടങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റ് നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ? | (ബി) | 5 സ്കൂളുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തി ഒരു പാക്കേജ് ആയിട്ടാണ് ടെണ്ടർ ചെയ്തതും പ്രവൃത്തി ആരംഭിച്ചതും. ഇതിൽ കാർത്തികപ്പള്ളി, വീയപുരം എന്നീ സ്കൂളുകൾ ഒഴികെ മറ്റ് മൂന്ന് സ്കൂളുകളിൽ പ്രവൃത്തി പൂർത്തീകരിച്ചു. കാർത്തികപ്പള്ളി, വീയപുരം സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ വൈകിയതിനാൽ ആ സ്കൂളുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തിയിൽ നിന്ന് കരാറുകാരൻ ഒഴിവായി. ഈ സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന കരാർ 3 സ്കൂളുകളുടെ പ്രവൃത്തിയിൽ ചുരുക്കി. ബാക്കി തുകയ്ക്ക് കാർത്തികപ്പള്ളി, വീയപുരം സ്കൂളുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തി ഏർപ്പാടാക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശവും നിർവ്വഹണ പുരോഗതിയും

### സംസ്ഥാന ബഡ്ജറ്റ് പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ജി.എച്ച്.എസ്.വലിയഴീക്കൽ - പുതിയ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം | 25.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | പി.എച്ച്.സി., ആറാട്ടുപുഴ - പുതിയ ലാബ്, ഫാർമസി ബ്ലോക്ക് | 30.50 | പദ്ധതി പൂർത്തീകരിച്ചു |

### കിഫ്ബി പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഗവ.യു.പി.സ്കൂൾ കാർത്തികപ്പള്ളി, ആലപ്പുഴ | 201.21312 | പദ്ധതി പുരോഗമിക്കുന്നു |

### കേന്ദ്ര സംസ്ഥാന ധനസഹായ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സംയോജിത ആധുനിക മത്സ്യഗ്രാമം പദ്ധതി – ആറാട്ടുപുഴ (PMMSY) | 619.50 | 07/05/2023 ൽ ഭരണാനുമതി നൽകി. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ